# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 11/1551/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/10/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 11/1551/2024 തീയ്യതി: 05/10/2024

# മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2023 മുതൽ 07-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 08-07-2024 | 17-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-07-2024 | 17-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുൽ ജലീൽ. ടി.പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.യൂസഫ്. പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജാത. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശംസിയ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വീനീത.പി.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുസ്തഫ എം. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി. സബീന. എൻ | സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീ. അബ്ദു സലീം വി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2023 | 20-07-2023 |
| ശ്രീ.ഷാജി മോൻ കെ പി | സെക്രട്ടറി | 21-07-2023 | 05-03-2024 |
| ശ്രീ.നഹാസ് മുഹമ്മദ് എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2024 | 11-03-2024 |
| ശ്രീ.ഷാജി മോൻ കെ പി | സെക്രട്ടറി | 12-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദു സലീം വി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 17-08-2023 |
| ശ്രീമതി. ഷമീന സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ദിവ്യ കെ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷഹീന കെ എം | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. മാലതി എസ് | ഹെഡ്മിസ്ട്രസ് | 01-04-2023 | 08-06-2023 |
| ശ്രീമതി. സീമ ഇ ഡി | ഹെഡ്മിസ്ട്രസ് | 09-06-2023 | 31-03-2024 |
| ശ്രീമതി. ജമീല ഇ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 30-04-2023 |
| ശ്രീ. ഗിരീഷ് എം ബി | വി ഇ ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഫിസാഷെമീം | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഫാത്തിമ ഷഹീന കെ എം | കൃഷി ഓഫീസർ | 01-04-2023 | 22-11-2023 |
| ശ്രീ. ദാസൽ സേവ്യർ | കൃഷി ഓഫീസർ | 23-11-2023 | 31-03-2024 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 18-08-2023 | 20-08-2023 |
| ശ്രീ. നസീർ മൂസ അബ്ദു റഹിമാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീമതി. സ്വപ്ന. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-05-2023 | 03-07-2023 |
| ശ്രീമതി. രജനി. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-07-2023 | 31-03-2024 |
| ശ്രീമതി. ഉഷ. എം.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 21-08-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | Contractor's Retention ഡെപ്പോസിറ്റ് : രജിസ്റ്ററും വാർഷിക കണക്കിലെയും വരവ് ചെലവുകളിലും നീക്കിയിരിപ്പിലും വ്യത്യാസം | 1-1-7 |
| 9 | യഥാർത്ഥ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപെൻഷൻ | 1-7 |

| | | |
|---|---|---|
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം | 1-11 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 21 | ജിസാൻ അഗ്രിക്കൾച്ചറൽ പാർക്ക് - അപാകതകൾ | 1-13 |
| 22 | തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 23 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 1,01,992 രൂപ | 1-15 |
| 24 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോം വർക്കിനുള്ള തുക നൽകി-8009/- രൂപയുടെ അധികച്ചെലവ്. | 1-16 |
| 25 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അധിക തുക അനുവദിച്ചു | 1-17 |
| 26 | തെരുവ് വിളക്ക് റിപ്പയർ -സർക്കാർ നിബന്ധനകൾ പാലിക്കുന്നില്ല | 1-18 |
| 27 | വിനിയോഗ വിവരം ലഭ്യമല്ല | 1-19 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് പൂർണ്ണമായി തിരിച്ചുപിടിച്ചിട്ടില്ല. | 1-20 |
| 29 | ലാപ്ടോപ്പ് ലഭ്യമാക്കിയില്ല. | 1-21 |
| 30 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മരുന്നുകൾ ലഭ്യമായില്ല. | 1-22 |
| 31 | ഡയഗ്നോസ്റ്റിക്ക് ഉപകരണങ്ങൾ -സ്റ്റോക്ക് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 32 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-24 |

| | | |
|---|---|---|
| 33 | തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തി- സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകി. | 1-25 |
| 34 | കെൽട്രോണിന് അധിക തുക നൽകി | 1-26 |
| 35 | വാഹന വാടക - ആദായ നികുതി TDS അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 36 | ടിഷ്യു കൾച്ചർ വാഴക്കന്ന് വിതരണം (വനിത)- അപാകതകൾ | 1-28 |
| 37 | ഭവന നിർമ്മാണം പുരോഗതി വിവരം അറിയിക്കേണ്ടതാണ്. | 1-29 |
| 38 | തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അധിക തുക നൽകി | 1-30 |
| 39 | അടുക്കളത്തോട്ടം - വനിത- പച്ചക്കറിതൈകൾ വിതരണം അപാകതകൾ | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോം വർക്കിനുള്ള തുക നൽകി- 8009/- രൂപയുടെ അധികച്ചെലവ്. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർചാർജ്ജ് വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.05.2024തീയതിയിലെ 2ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് **16-06-2024** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും

ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം:
തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

## <u>1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.</u>

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## <u>1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.</u>

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-3 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

## 1-1-4 ക്യാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 60627829/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 18823601/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-5 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൻവർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-1 പ്രകാരം Excess Of Income Over Expenditure ആയി രേഖപ്പെടുത്തിയിരിക്കുന്നത് 24781596/- രൂപയാണ്. എന്നാൽ ട്രയൽ ബാലൻസ് പ്രകാരം (ഹെഡ്കോഡ് 310900101) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 14020826/- രൂപയാണ്.

## 1-1-6 ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഷെഡ്യൂൾ RP-10 പ്രകാരം തൻവർഷം 35204 രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-1-7 Contractor's Retention ഡെപ്പോസിറ്റ് : രജിസ്റ്ററും വാർഷിക കണക്കിലെയും വരവ് ചെലവുകളിലും നീക്കിയിരിപ്പിലും വ്യത്യാസം

| | വാർഷിക കണക്ക് | ഡെപ്പോസിറ്റ് രജിസ്റ്റർ |
|---|---|---|
| Oppening Balance | 554403 | 554403 |

| | | |
|---|---|---|
| വരവ് | 33902 | 53723 |
| ചെലവ് | 268484 | 276062 |
| നീക്കിയിരിപ്പ് | 332064* | 332064 |

* വാർഷിക കണക്കിലെ മുന്നിരിപ്പ്+ വരവ്-ചെലവ് = 319821 രൂപയാണ് നീക്കിയിരിപ്പായി വരേണ്ടതെങ്കിലും ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് 332064 രൂപയാണ്.

## 1-1-8 യഥാർത്ഥ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

164/24 , പി.എച്ച്.സി.ഈവനിംഗ് ഒ.പി. പ്രൊജക്ടിൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്ലാൻ ഫണ്ടിനത്തിൽ ആകെ ചെലവ് 731120 രൂപയാണ്. എന്നാൽ വിവിധ ബില്ലുകളിലായി പ്രസ്തുത പ്രൊജക്ടിൽ പ്ലാൻ ഫണ്ടിനത്തിൽ ആകെ ചെലവ് 734780 രൂപയാണ്.

## 1-2 ബജറ്റ്

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 1-ാം നമ്പർ തീരുമാനം തിയ്യതി 07.03.2023 | 3(2) നമ്പർ തീരുമാനം തിയ്യതി 23.01.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 35357704 |

| | |
|---|---|
| വരവ് | 216632122 |
| ആകെ | 251989826 |
| ചെലവ് | 197808521 |
| നീക്കിയിരിപ്പ് | 54181305 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22271346 | 22271346 | 17026132 | 5245214 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7826672 | 7826672 | 5672181 | 2154491 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11581500 | 11581500 | 11581500 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3942600 | 3942600 | 3599291 | 343309 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 3000000 | 3000000 | 3180351 | 180351 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 4000000 | 4000000 | 2409584 | 1590416 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 271 | 320035781 | 169 | 133383919 | 102 | 0 | 62.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 163570 | 831487 | 995057 | 3922438 | 995056 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20563653 | 20563653 | 20563653 | 0 |

***കുറിപ്പ്: ഭരണ ചിലവ് ഇനത്തിൽ അഡ്വാൻസ് നൽകിയ തുക 2023-24 സാമ്പത്തിക വർഷത്തിൽ റീകൂപ്പ് ചെയ്യിട്ടില്ല. 2023-24 സാമ്പതിക വർഷത്തിൽ 39,22,438/- രൂപ അഡ്വാൻസിനത്തിൽ ഭരണ ചിലവുകൾക്കായി നൽകിയിട്ടുണ്ട്.*** **2022-23 വാർഷിക കണക്കിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക എ.എഫ്.എസ് ഇൽ ഉൾപ്പെടുത്തിയിട്ടില്ല.**

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി വേതനം | 2292800 | 200 |
| വിധവാപെൻഷൻ | 13025200 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 18056100 | 1681 |
| വികലാംഗപെൻഷൻ | 4268500 | 395 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള സഹായം | 595200 | 56 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2024 ന് 12:15 Amന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58221/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)ഹെഡ്മാസ്റ്റർ പ്രോജക്ട് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല.

2)ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുന്നില്ല. പുതുതായി വാങ്ങിയവ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
3) സ.ഉ.കൈ 84/22/തസ്വഭവ/19-04-2022 ഖണ്ഡിക 3. 1. 2 പ്രകാരം ഓരോ പ്രോജക്റ്റിനും അംഗീകാരം വാങ്ങിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്.

4)ക്ഷേമ പെൻഷൻ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഗുണഭോക്താക്കളുടെ നിലവിലെ എണ്ണം, തൻവർഷം വിട്ടു പോയവർ എന്നിവരുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. മസ്റ്ററിങ് നടത്തിയ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.09.2022 | 4/2022 മുതൽ 8/2022 വരെ | 31.09.2022 |
| എ.ജി ഓഡിറ്റ് | 19.10.2009 മുതൽ 28.10.2009 വരെ | 2004-05 മുതൽ 2008-09വരെ | 03-12-2009 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട 01/09-07-2024 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 37456 |
| ആകെ വാർഡുകളുടെ എണ്ണം | 16 |
| ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 6543 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 494 |

| | |
|---|---|
| വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 20 |

ഗ്രാമ പഞ്ചായത്തിലെ ഓരോ വീട്/കടയിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ കലണ്ടർ തയ്യാറാക്കി ഷെഡ്യൂൾ ചെയ്ത് മാലിന്യം ശേഖരണം നടത്തുന്നുണ്ട്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി എല്ലാ വാർഡിലും 'ഹരിത ഗ്രാമസഭ' സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ തലത്തിലും വാർഡ് തലത്തിലുമായി ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ഓരോ വാർഡിലും ഹരിത കർമ്മസേനക്ക് കീഴിൽ കൊണ്ടുവന്ന വീടുകൾ / സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന ഭവനങ്ങൾ ശതമാനം | | ഹരിത കർമ്മസേനക്ക് കീഴിൽ വന്ന സ്ഥാപനങ്ങൾ | |
|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | എണ്ണം |
| 1 | 431 | 84.68 | 196 | 84.18 |
| 2 | 433 | 76.44 | 30 | 93.33 |
| 3 | 451 | 68.29 | 15 | 73.33 |
| 4 | 347 | 71.46 | 13 | 53.84 |
| 5 | 432 | 72.22 | 42 | 83.33 |
| 6 | 406 | 81.28 | 18 | 100 |
| 7 | 527 | 63.75 | 10 | 100 |
| 8 | 363 | 66.39 | 02 | 100 |
| 9 | 403 | 76.92 | 30 | 100 |
| 10 | 436 | 76.84 | 74 | 91.89 |
| 11 | 451 | 79 | 08 | 100 |
| 12 | 272 | 83.82 | 08 | 100 |

| | | | | |
|---|---|---|---|---|
| 13 | 433 | 66 | 10 | 100 |
| 14 | 321 | 67.6 | 19 | 94.74 |
| 15 | 369 | 76.69 | 14 | 100 |
| 16 | 468 | 79 | 5 | 100 |

2)മാലിന്യശേഖരണ കാര്യക്ഷമത

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ ചുങ്കം എന്ന സ്ഥലത്താണ് എം സി എഫ് പ്രവർത്തിക്കുന്നത്. നിലവിൽ പതിനാലിടത്താണ് മിനി എം സി എഫ് മുഖേന മാലിന്യശേഖരണം നടത്തുന്നത്. എല്ലാ മാസവും അജൈവ മാലിന്യ ശേഖരണം നടത്തണം എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ വാർഡുകളിൽ നിന്ന് വരുന്ന അജൈവ മാലിന്യങ്ങളുടെ അളവ് വളരെ കൂടുതലാണ്. ആയതിനുള്ള സൗകര്യം ഇപ്പോഴുള്ള എം സി എഫിൽ ഇല്ല. വിപുലമായ സൗകര്യങ്ങളുള്ള എം സി എഫ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. മാലിന്യം എംസിഎഫിൽ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം 2024 മെയ് മാസത്തിൽ വാങ്ങിയിട്ടുണ്ട് (KL 53 V 3047). ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനുതകുന്ന ഒരു നിയമാവലി ഗ്രാമ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഹരിതമിത്രം ആപ്പ് പ്രവർത്തനങ്ങൾക്ക് വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

3)മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി പാലിക്കുവാൻ ജനങ്ങൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. ഓരോ മാസവും MCF ൽ എത്തുന്ന മാലിന്യം നിഷ്ക്രിയ മാലിന്യം, റീ സൈക്കിൾ മാലിന്യം എന്നിങ്ങനെ ഹരിത കർമ്മ സേനാംഗങ്ങൾ തരം തിരിക്കുന്നു.

4)റീസൈക്ലിംഗ്

തരം തിരിച്ച മാലിന്യങ്ങൾ ( വില കിട്ടുന്നവയും റിജക്ടഡ് മാലിന്യവും) മാസാവസാന വാരത്തിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ട ഗ്രീൻ വേംസ് എന്ന ഏജൻസിക്ക് കൈമാറുന്നു.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ചുകൊണ്ട് “വൃത്തിയുള്ള വെട്ടത്തൂർ”എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്തിലെ മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ പ്രവർത്തകർ, അംഗനവാടി പ്രവർത്തകർ, ആശ വർക്കേഴ്സ്, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, NSS

വളന്റിയേഴ്സ് എന്നിവരും ജനപ്രതിനിധികളോടൊപ്പം കൂട്ടായി പ്രവർത്തിച്ചതുവഴി ഒരു പരിധി വരെ വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ വാർഡിലും 'ഹരിത സഭ' ചേർന്ന് എല്ലാ വാർഡിലേയും മാലിന്യ പ്രശ്നങ്ങൾ പരിഹാരങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിച്ചതുവഴി മാലിന്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും ജൈവ അജൈവ മാലിന്യ സംസ്കരണ രംഗത്ത് പുരോഗതി കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഒട്ടും സഹകരിക്കാത്ത വീട്ടുടമ/സ്ഥാപന ഉടമകൾക്കെതിരെ പിഴ അടക്കമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രത്യക്ഷമായും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു.

7)അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിലവുള്ള സ്ഥലം തികയാത്ത അവസ്ഥയുണ്ട് ബെയ് ലിംഗ് മെഷീൻ, അനുബന്ധസൌകര്യങ്ങളും നിലവിലില്ല.

8)പാരിസ്ഥിതിക ആഘാതം

പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. എന്നാൽ റിജക്ടഡ് വേസ്റ്റ് കൊണ്ടുപോകുന്നത് ഗ്രീൻവേംസ് കമ്പനിയാണ്. കമ്പനി സമയബന്ധിതമായി റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകാതിരിക്കുന്നത് സ്ഥലപരിമിതിയുടെ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ഗ്രാമ പഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് പിഴ ചുമത്തുകയും ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യൂസർ ഫീ നൽകി അജൈവ മാലിന്യം കയ്യൊഴിയാത്ത വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. ഈ ഇനത്തിൽ ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും ഗ്രാമ പഞ്ചായത്ത് വിജിലൻസ് സ്ക്വാഡും നടത്തിയ സംയുക്ത പരിശോധന | 4 | 50000/- |
| ഗ്രാമ പഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് നടത്തിയ സംയുക്ത പരിശോധന | 23 | 47200/- |

| | | |
|---|---|---|
| | | |
| യൂസർ ഫീ നൽകി അജൈവ മാലിന്യം കയ്യൊഴിയാത്ത വീടുകൾ/ സ്ഥാപനങ്ങളിൽ നിന്ന് | --- | 15000/- |

9)പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് നേരിട്ടും ശുചിത്വമിഷനും ഹരിതസഹായ സ്ഥാപനവും പരിശീലനങ്ങൾ നല്കിവരുന്നുണ്ട്.

മാലിന്യ സംസ്കരണ രംഗത്ത് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സർക്കാർ/ അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ 14.11.2023ന് കുട്ടികളുടെ ഹരിതസഭ സംഘടിപ്പിച്ചിട്ടുണ്ട്.

10)നിയമങ്ങൾ പാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം, നിയമ ലംഘനം, പിഴ എന്നിവയെ കുറിച്ചുള്ള നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്.

11)ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി റെയിൻകോട്ട്, ഗ്ലൗസ്, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. യൂനിഫോമും നൽകിയിട്ടുണ്ട്. എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. സ്ഥല സൗകര്യമുള്ള MCF ഇല്ലാത്തതിനാൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) നിലവിലില്ല.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF സ്ഥിരം/താത്കാലികം | MCF സ്ഥിരം 1 എണ്ണം |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | ഷ്രെഡിംഗ്& ബെയ്ലിംഗ് യൂണിറ്റ് നാളിതുവരെയും സ്ഥാപിച്ചിട്ടില്ല. |
| | |

| | |
|---|---|
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | ഇല്ല |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | ഇല്ല |
| 5) അടിസ്ഥാന സൗകര്യങ്ങൾ<br>സ്റ്റോറേജ് എരിയ<br>സോർട്ടിങ് ഏരിയ | 900 ചതുരശ്ര അടി<br>400 ചതുരശ്ര അടി<br>1300 |
| 6) റോഡ് ഗതാഗത സൗകര്യം ഉണ്ടോ | ഉണ്ട് |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല |

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

മാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൈമാറുന്നതിലുള്ള വിമുഖത മാറിവരുന്നു. ഇനിയും വളരെയെറെ മുന്നേറാനുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ബോധവൽക്കരണ നടപടികൾ ആവശ്യമാണ്. നിലവിൽ അതത് ദിവസം തന്നെ ശേഖരിച്ച മാലിന്യങ്ങൾ മിനി എം സി എഫിൽ എത്തിക്കുന്നുണ്ട്.

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം/അജൈവം | 2000 കിലോ (അജൈവം) |
| 2) ആകെ വിസ്തൃതി | MCF<br>1300 ചതുരശ്ര അടി |
| 1)ടാപ്പിംഗ് ഏരിയ - 00 | |
| 2) സ്റ്റോറേജ് ഏരിയ - 900 | |
| 3) സോർട്ടിംഗ് ഏരിയ - 400 | |
| 4) മെഷിനറി ഏരിയ- 00 | |
| 5) കളക്ഷൻ ഏരിയ- 00 | |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വിൽക്കുകയും റിജക്ടഡ് വേസ്റ്റ് ഗ്രീൻവേംസ് കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു.

5)ശുചിത്വമാനദണ്ഡങ്ങൾ
ഓരോരുത്തരുടെയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിലൂന്നി സമ്പൂർണ്ണ ശുചിത്വ വെട്ടത്തൂർ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.
6)യഥാസമയം മാലിന്യം ഗ്രീൻവേംസ് കമ്പനിക്ക് കൈമാറുന്നതു സംബന്ധിച്ച്

റിജക്റ്റഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ളത് **ഗ്രീൻവേംസ്** കമ്പനിയാണ്. കമ്പനിക്ക് മാലിന്യം യഥാസമയം കൈമാറുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ടെങ്കിലും കമ്പനി ടി സാധനങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാത്തതു മൂലം MCFപ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്

<u>മറ്റു വിവരങ്ങൾ</u>
വാതിൽപടി ശേഖരണത്തിന് മുൻപായി എല്ലാ വാർഡുകളിലും ജനപ്രതിനിധികൾ വഴി അറിയിപ്പ് നൽകുന്നതിലൂടെ ഗ്രാമ പഞ്ചായത്തിന്റെ അജൈവ മാലിന്യ ശേഖരണം സുഗമമാക്കുന്നതിനു സാധിക്കുന്നുണ്ട്.

2023-24 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | നം. 270/24<br>മാലിന്യമുക്ത നവകേരളം ടൗൺ ക്ലീനിംഗ് | തനത് ഫണ്ട് | 520000 | 513284 |
| 2 | നം. 278/24<br>ഗാർഹിക തലത്തിൽ മാലിന്യം തരം തിരിച്ച് ലഭ്യമാക്കാനുള്ള ഉപാധികൾ വിതരണം ചെയ്യൽ | സി.എഫ്.സി | 384000 | 360000 |
| 3 | നം. 141/24<br>മാലിന്യ സംസ്കരണം | സി.എഫ്.സി<br>തനത് ഫണ്ട് | 14,00,000<br>6,00,000 | 10,86,130<br>5,93,654 |

ഹരിതകർമ്മസേനയുമായി സഹകരിക്കുന്ന വീടുകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ക്ലബുകൾ എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന വെല്ലുവിളിയായ മാലിന്യ സംസ്കരണം

എന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും സമ്പൂർണ്ണ ഉറവിട മാലിന്യ സംസ്കരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സജീവ ഇടപെടൽ ആവശ്യമാണ്. ആയതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്.
തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കാത്തതായി കാണുന്നു. ചട്ടപ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വെട്ടത്തുർ ക്ലിനിക്ക് | ഒന്നാം, രണ്ടാം അർദ്ധ വർഷം |
| 2 | മാവേലി ഷോപ്പിംഗ് സെന്റർ | ഒന്നാം,രണ്ടാം അർദ്ധ വർഷം |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 08/23-24 Dtd 15.07.2024 ന് മറുപടി ലഭ്യമായില്ല.മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ജിസാൻ അഗ്രിക്കൾച്ചറൽ പാർക്ക് - അപാകതകൾ

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ മണ്ണാർമല–പച്ചീരി പ്രദേശത്ത് (RS No. 1/1A2-412)ശ്രീ. മുഹമ്മദ് ബഷീർ (ചെയർമാൻ) എന്നവരുടെ പേരിലുള്ള 13/238C, 238D, 238E, 238F, 238G, 238H, 238J എന്നീ കെട്ടിടങ്ങളുള്ള ജിസാൻ അഗ്രിക്കൾച്ചറൽ പാർക്ക് ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജും) ചട്ടങ്ങൾ 3(3) പ്രകാരം ഒരു കെട്ടിടത്തോട് അനുബന്ധിച്ച് സ്വിമ്മിംഗ്പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തോട് ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തേണ്ടതാണ്. സൈറ്റിൽ 1 സ്വിമ്മിംഗ്പൂൾ ഉണ്ട്. സ്വിമ്മിംഗ് പൂളിന് നിയമാനുസൃത വസ്തു നികുതി ചുമത്തിയിട്ടില്ല .

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ആയത് പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, പാർക്കിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07/23-24/15.07.2024 ന് മറുപടി നൽകിയിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2018-19 വർഷം വരെയുള്ള കാലഹരണപ്പെട്ട EMD തുകയായ 432401/- രൂപ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും 2022-23 വർഷത്തിൽ കാലഹരണപ്പെട്ട മുഴുവൻ ഡപ്പോസിറ്റ് തുകയും കണക്കാക്കി ടി തുക 2023-24 സാമ്പത്തിക വർഷം തന്നെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ 13.04.2023 ലെ 7/2 തീരുമാനപ്രകാരം സെക്രട്ടറി / അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ തീരുമാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 3/ 09.07.2024 ന്

മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതി തീരുമാനത്തിൻമേൽ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 1,01,992 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാനുൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാനുലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

കേരള പൊതു മരാമത്ത് മാനുലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം

ആദ്യത്തെ 3 മാസ കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല രണ്ട് മുതൽ പത്ത് തവണ വരെ കരാർ കാലാവധി നീട്ടിനൽകിയതായും കാണുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ/നിയമപരമായ കാരണത്താലല്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും, പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 01 | പദ്ധതി | കിഴക്കേമുക്ക് വാടയിൽ കോളനി വെള്ളിക്കൊടിമല റോഡ് 245/24 |
| | ആകെ അടങ്കൽ | 1000374 രൂപ (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| | കരാറുകാരൻ | മുഹമ്മത് അസ്ലം |
| | | |

| | |
|---|---|
| കരാർ | 93/AE/LID&EW/VTR/22-23/30-1-23 |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 1000304 രൂപ |
| BRN | 22150352022501446875/23-3-23: Rs 322800<br>23150352022500214680/19-6-23: Rs 210664<br>23150352022500842545/25-11-23: Rs 466840 |
| PAC | 910300.23 രൂപ |
| പൂർത്തീകരണകാലയളവ് | 4 മാസം |
| പൂർത്തീകരിക്കേണ്ട തീയതി | 29-5-23 |
| പൂർത്തീകരിച്ച തീയതി | 30-6-23 |
| വൈകിയ കാലയളവ് | 32 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 30-5-23 To 30-6-23: @ 1% Of PAC: 9103.00 X 32/92 = 3166.26 രൂപ<br>Rounded To 3166/- രൂപ<br>കുറിപ്പ്: MULTY YEAR പദ്ധതിയായതിനാൽ പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് |

| | | |
|---|---|---|
| | | നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 02 | പദ്ധതി | മണ്ണാർമല പീടികപ്പടി പച്ചീരി റോഡ് ഡ്രൈനേജ് 256/24 |
| | ആകെ അടങ്കൽ | 350000 രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡ്) |
| | കരാറുകാരൻ | മുഹമ്മത് അസ്ലം |
| | കരാർ | 26/AE/LID&EW/VTR/22-23/23-12-22 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 301938 രൂപ |
| | BRN | 22150352022501446865/23-3-23 : Rs 126700<br>23150352022500214684/19-6-23 : Rs 121540<br>23150352022500839330/25-11-23 : Rs. 53698 |
| | PAC | 294905.12 രൂപ |
| | പൂർത്തീകരണകാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 22-6-23 |
| | പൂർത്തീകരിച്ച തീയതി | 4-11-23 |
| | വൈകിയ കാലയളവ് | 3 മാസം 43 ദിവസം |

| | | |
|---|---|---|
| | ഈടാക്കേണ്ടിയിരുന്ന പിഴ | 23-6-23 To 22-9-23: @ 1% Of PAC: 2949.05<br>23-9-23 To 4-11-23: @ 2% Of PAC: 5898.10 X 43/91 = 2787.01 രൂപ<br>ആകെ: 5736.06, Rounded To 5736/- രൂപ<br>കുറിപ്പ്: MULTY YEAR പദ്ധതിയായതിനാൽ പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 03 | പദ്ധതി | തെക്കൻമല അംഗനവാടി നവീകരണം 208/24 |
| | ആകെ അടങ്കൽ | 370000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| | കരാറുകാരൻ | സുനിൽ കുമാർ പി |
| | കരാർ | 19/AE/LID&EW/VTR/22-23/14-11-22 |
| | | |

| | |
|---|---|
| അളവ് പുസ്തകം | E- M Book |
| ചെലവ് | 350010 രൂപ |
| BRN | 22150352022501090513/25-1-23: Rs 200000<br>23150352022500214714/19-6-23: Rs 15739<br>23150352022500527758/8-9-23: Rs 134271 |
| PAC | 338248.91 രൂപ |
| പൂർത്തീകരണകാലയളവ് | 8 മാസം |
| പൂർത്തീകരിക്കേണ്ട തീയതി | 13-7-23 |
| പൂർത്തീകരിച്ച തീയതി | 24-8-23 |
| വൈകിയ കാലയളവ് | 43 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 14-7-23 To 24-8-23: @ 1% Of PAC: 3382.48 X 42/92 = 1544.17 രൂപ<br>Rounded To 1544/- രൂപ<br>കുറിപ്പ്: Estimate Revise ചെയ്യതതിനാൽ പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 04 | പദ്ധതി | ചുങ്കം റെയിൽവേ ജാറം റോഡ് ഡ്രൈനേജ് 219/24 |
| | ആകെ അടങ്കൽ | 544310 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| | കരാറുകാരൻ | അബ്ദുൾ ജബ്ബാർ |
| | കരാർ | 40/AE/LID&EW/VTR/22-23/24-12-22 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 530863 രൂപ |
| | BRN | 22150352022501227805/22-2-23: Rs 182400<br>23150352022500215293/19-6-23: Rs 177919<br>23150352022500842534/25-11-23: Rs 170544 |
| | PAC | 421260.02 രൂപ |
| | പൂർത്തീകരണകാലയളവ് | 6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 23-6-23 |
| | പൂർത്തീകരിച്ച തീയതി | 24-8-23 |
| | വൈകിയ കാലയളവ് | 62 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 24-6-23 To 24-8-23: @ 1% Of PAC: 4212.60 X 62/92 = 2838.92 രൂപ |

| | | |
|---|---|---|
| | | Rounded To 2839/- രൂപ<br>കുറിപ്പ്: മഴ ആയതിനാൽ അനുകൂല സാഹചര്യം ഉണ്ടാകുന്നത് വരെ പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 05 | പദ്ധതി | പച്ചീരി അങ്കണവാടി നവീകരണം 207/24 |
| | ആകെ അടങ്കൽ | 400000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| | കരാറുകാരൻ | അബ്ദുൾ അസീസ് ഹാജി |
| | കരാർ | 35/AE/LID&EW/VTR/22-23/24-12-22 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 359155 രൂപ |
| | BRN | 221503520225013040053/7-3-23: Rs 200000<br>231503520225002151 80/19-6-23: Rs 96204<br>231503520225009184 11/11-12-23: Rs 62951 |
| | PAC | 335807.29 രൂപ |
| | പൂർത്തീകരണകാലയളവ് | 8 മാസം |

| | | |
|---|---|---|
| | പൂർത്തീകരിക്കേണ്ട തീയതി | 23-8-23 |
| | പൂർത്തീകരിച്ച തീയതി | 30-9-23 |
| | വൈകിയ കാലയളവ് | 38 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 24-8-23 To 30-9-23: @ 1% Of PAC: 3358.07 X 38/92 = 1387.02 രൂപ<br>Rounded To 1387/- രൂപ<br>കുറിപ്പ്: ചില ഇനങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കാനുള്ളതിനാൽ പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 06 | പദ്ധതി | ഈസ്റ്റ് മണ്ണാർമല അങ്കണവാടി നവീകരണം 198/24 |
| | ആകെ അടങ്കൽ | 250000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| | കരാറുകാരൻ | അബ്ദുൾ മജീദ് കെ |
| | കരാർ | 51/AE/LID&EW/VTR/22-23/4-1-23 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 216688 രൂപ |
| | BRN | 221503520225015368857/28-3-23: Rs 139275<br>231503520225008729553/1-12-23: Rs 77413 |

| | |
|---|---|
| PAC | 211859.44 രൂപ |
| പൂർത്തീകരണകാലയളവ് | 4 മാസം |
| പൂർത്തീകരിക്കേണ്ട തീയതി | 3-5-23 |
| പൂർത്തീകരിച്ച തീയതി | 10-10-23 |
| വൈകിയ കാലയളവ് | 3 മാസം 68 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 4-5-23 To 3-8-23: @ 1% Of PAC: 2118.59<br>4-8-23 To 10-10-23, @ 2% Of PAC: 4237.18 X 68/92 = 3131.82 രൂപ<br>ആകെ: 5250.41, Rounded To 5250/- രൂപ<br>കുറിപ്പ്: കാരണം രേഖപ്പെടുത്താതെ ആറ് പ്രാവശ്യം പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 07 | പദ്ധതി | മേൽകുളങ്ങര സ്കൂൾ അധികസൗകര്യം 213/24 |
| | ആകെ അടങ്കൽ | 450000 രൂപ (മെയിന്റനൻസ് ഗ്രാന്റ് |

| | |
|---|---|
| | - നോൺ റോഡ്) |
| കരാറുകാരൻ | ഉമ്മർ കെ |
| കരാർ | 92/AE/LID&EW/VTR/22-23/30-1-23 |
| അളവ് പുസ്തകം | E- M Book |
| ചെലവ് | 449027 രൂപ |
| BRN | 221503520225014387 49/22-3-23: Rs 208648<br>231503520225008393 3/25-11-23: Rs 208648<br>231503520225001417 997/20-3-24: Rs: 31731 |
| PAC | 380546.20 രൂപ |
| പൂർത്തീകരണകാലയളവ് | 4 മാസം |
| പൂർത്തീകരിക്കേണ്ട തീയതി | 29-5-23 |
| പൂർത്തീകരിച്ച തീയതി | 30-10-23 |
| വൈകിയ കാലയളവ് | 3 മാസം 62 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 30-5-23 To 29-8-23: @ 1% Of PAC: 3805.46<br>30-8-23 To 30-10-23,@ 2% Of PAC: 7610.92 X 62/92 = 5129.09 രൂപ<br>ആകെ: 8934.55, Rounded To 8935/- രൂപ<br>കുറിപ്പ്: കാരണം രേഖപ്പെടുത്താതെ 5 പ്രാവശ്യം പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 08 | പദ്ധതി | വെട്ടത്തൂർ അങ്കണവാടി കെട്ടിടനിർമാണം 181/24 |
| | ആകെ അടങ്കൽ | 1500000 രൂപ (CFC, Block Share, D P Share) |
| | കരാറുകാരൻ | മുഹമ്മത് നൗഫൽ കെ പി |
| | കരാർ | 07/AE/LID&EW/VTR/22-23/10-11-22 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 1178377 രൂപ |
| | BRN/വൗച്ചർ നമ്പർ | 22150352022501503468/27-3-23: Rs 629406<br>23150352022500958001/19-12-23: Rs 370594<br>C-4/23-24/12-2-24: Rs: 178377 |
| | PAC | 1270260.17രൂപ |
| | പൂർത്തീകരണകാലയളവ് | 8 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 9-7-23 |
| | പൂർത്തീകരിച്ച തീയതി | 8-12-23 |
| | വൈകിയ കാലയളവ് | 3 മാസം 60 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 10-7-23 To 9-10-23: @ 1% Of PAC: 12702.60<br>10-10-23 To 8-12-23:@ 2%Of PAC: 25405.20 X60/92 = 16568.60 രൂപ<br>ആകെ: 29271.20, Rounded To 29271/- രൂപ<br>കുറിപ്പ്: കരാറുകാരൻ കാലാവധി ദീർഘിപ്പിക്കാൻ |

| | | |
|---|---|---|
| | | അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 09 | പദ്ധതി | സ്കൂളുകൾക്ക് സോക്ക്പിറ്റ് നിർമാണം 203/24 |
| | അടങ്കൽ | 380000 രൂപ (CFC ഗ്രാന്റ്) |
| | കരാറുകാരൻ | അബ്ദുൾ ജബ്ബാർ |
| | കരാർ | 96/AE/LID&EW/VTR/22-23/4-2-23 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 353793 രൂപ |
| | വൗച്ചർ നമ്പർ | 14/CFC/23-24/23-3-23: Rs 233203<br>C-05/23-24/21-3-24: Rs 120590 |
| | PAC | 321159.42 രൂപ |
| | പൂർത്തീകരണകാലയളവ് | 4 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 3-6-23 |
| | പൂർത്തീകരിച്ച തീയതി | 5-3-24 |
| | വൈകിയ കാലയളവ് | 9 മാസം 2 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 4-6-23 To 3-9-23: @ 1% Of PAC: 3211.59<br>4-9-23 To 3-12-23: @ 2% Of PAC: 6423.18<br>4-12-23 To 3-3-24: @ 2% Of PAC: 6423.18<br>4-3-24 To 5-3-24, @ 2% Of PAC: 6423.18 X 2/92 = 139.63 |

| | | |
|---|---|---|
| | | ആകെ: 16197.58, Rounded To 16198/- രൂപ<br>കുറിപ്പ്: കാരണം രേഖപ്പെടുത്താതെ 10 പ്രാവശ്യം പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

| | | |
|---|---|---|
| 10 | പദ്ധതി | MCF സെന്റർ വിപുലീകരണം 236/24 |
| | ആകെ അടങ്കൽ | 1024183 രൂപ (CFC ഗ്രാന്റ്) |
| | കരാറുകാരൻ | ഷംസുദ്ധീൻ |
| | കരാർ | 97/AE/LID&EW/VTR/22-23/10-2-23 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 976436 രൂപ |
| | വൗച്ചർ നമ്പർ | 86/CFC/22-23/30-3-23: Rs 299121<br>S.1/23-24/20-10-23: Rs 357703<br>S.4/23-24/26-3-24: 319612 |
| | PAC | 807014.92 രൂപ |
| | പൂർത്തീകരണകാലയളവ്<br>(+) ആദ്യ ദീർഘീകരണം<br>+) രണ്ടാം ദീർഘീകരണം<br>ആകെ | 4 മാസം<br>1 മാസം (പൂർത്തീകരണകാലയളവിന്റെ 25% )<br>1 മാസം (പൂർത്തീകരണകാലയളവിന്റെ 25% )<br>6 മാസം |
| | പൂർത്തീകരിക്കേണ്ട തീയതി | 9-8-23 |
| | പൂർത്തീകരിച്ച തീയതി | 7-3-24 |

| | |
|---|---|
| വൈകിയ കാലയളവ് | 6 മാസം 27 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 10-8-23 To 9-11-23: @ 1% Of PAC: 8070.14<br>10-11-23 To 9-2-24: @ 2% Of PAC: 16140.28<br>10-2-24 To 7-3-24, @ 2% Of PAC: 16140.28 X 27/90 = 4842.08<br>ആകെ: 29052.50, Rounded To 29053/- രൂപ<br>കുറിപ്പ്: ആകെ രണ്ട് തവണയായി 2 മാസം കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ആകെ 8 മാസം 27 ദിവസം നീട്ടി നൽകി. ഇത് നിയമപരമായി നിലനിൽക്കുന്നതല്ല. |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള ആകെ നഷ്ടം 103379 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10/15-7-24) നൽകിയതിനെ തുടർന്ന് ക്രമ നമ്പർ (5) പ്രകാരമുള്ള 1387/- രൂപ 1240100977/G100706/17-7-24 നമ്പർ രശീതി പ്രകാരം അടവാക്കി. അവശേഷിക്കുന്ന തുക അടവാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 101992 രൂപ (103379-1387) കൂടി കരാറുകാരിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം ഈ തുക മേൽ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 1-16 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോം വർക്കിനുള്ള തുക നൽകി- 8009/- രൂപയുടെ അധികച്ചെലവ്.

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന ഡ്രൈനേജ് പ്രവൃത്തികളിൽ ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് മണ്ണ് എടുത്ത് മാറ്റിയ

അതേ നീളത്തിലും വീതിയിലും തന്നെയാണ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റ് നടത്തിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. അതിനാൽത്തന്നെ ഇത്തരം പ്രവൃത്തികൾക്ക് ഫോം വർക്ക് ചെയ്യേണ്ടി വരുന്നില്ല.

പ്രവൃത്തിക്ക് MORD 2018 SOR, 36.44% Cost Index പ്രകാരം അനുവദിച്ചതും അനുവദിക്കാവുന്നതുമായ നിരക്ക് താഴെ നൽകുന്നു

| പ്രവൃത്തി | അനുവദിച്ച നിരക്ക് (ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ) | അനുവദിക്കാവുന്ന നിരക്ക് (ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയത്) | അധികം |
|---|---|---|---|
| Drain Bed Concrete (1:3:6) | 7841.67/M3 ( Mord 11.4.1.1 ) | 7540.07/M3 | 301.60/$M^3$ |

താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിക്ക് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ തുക അനുവദിച്ച് നൽകിയത് വഴി അധികച്ചെലവുണ്ടായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അളവ് | അധികം നൽകിയ തുക @ 301.60/M3 (18% GST നൽകിയത് ഉൾപ്പെടെ) |
|---|---|---|---|
| 1 | പദ്ധതി: മണ്ണാർമല പീടികപ്പടി പച്ചീരി റോഡ് ഡ്രൈനേജ് 256/24<br>അടങ്കൽ: 350000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)<br>കരാറുകാരൻ: മുഹമ്മത് അസ്ലം<br>കരാർ: 26/AE/LID&EW/VTR/22-23/23-12-22<br>അളവ് പുസ്തകം: E- M Book | 8.042M3 | 2862.04<br>(8.042x301.60) X 118%)<br>Rounded To: Rs 2862/- |

| | | | |
|---|---|---|---|
| | ചെലവ്: 301983 രൂപ<br>BRN: 22150352022501446865/23-3-23: Rs 126700<br>23150352022500214684/19-6-23: Rs 121540<br>PAC: 294905.12 രൂപ<br>സാങ്കേതികാനുമതി നമ്പർ : LSGD/CELSGD/EST/TS/69736/2022 Dated 29.10.2022<br>Est. Item No. 2 | | |
| 2 | പദ്ധതി: ചുങ്കം ജാറം റെയിൽവേ റോഡ് ഡ്രൈനേജ് 219/24<br>അടങ്കൽ: 544310 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)<br>കരാറുകാരൻ: അബ്ദുൾ ജബ്ബാർ<br>കരാർ: 40/AE/LID&EW/VTR/22-23/24-12-22(9.5% Above ER)<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 530863 രൂപ<br>BRN: 22150352022501227805/22-2-23: Rs 182400<br>23150352022500215293/19-6-23: Rs 177919<br>23150352022500842534/25-11-23: Rs 170544<br>PAC: 421260.02 രൂപ<br>സാങ്കേതികാനുമതി നമ്പർ : LSGD/CELSGD/EST/TS/69936/2022 Dated 29.10.2022<br>Est. Item No. 3 | 13.207 | 5146.72<br>(13.207 X301.60 = 3983.23 + 9.5% (Tender Above)= 4361.63 X 118% = 5146.72)<br>Rounded To: Rs 5147/- |

| | | | |
|---|---|---|---|
| | | | |
| | | ആകെ | 8009/- |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എസ്റ്റിമേറ്റിൽ അധിക നിരക്ക് നൽകിയത് മൂലമുള്ള നഷ്ടം 8009/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/15-7-24) ഡ്രൈനേജിന് വേണ്ടി മണ്ണെടുത്തപ്പോൾ പല ഭാഗങ്ങളിലും വശങ്ങൾ മണ്ണിടിഞ്ഞ് വീണതിനാൽ സെന്ററിംഗ് & ഷട്ടറിംഗ് കൊടുക്കേണ്ടി വന്നു എന്നും എന്നാൽ ബെഡ് കോൺക്രീറ്റ് ചെയ്ത അളവ് മാത്രമാണ് മണ്ണെടുത്തതായി രേഖപ്പെടുത്തിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

എന്നാൽ, പ്രവൃത്തി സ്ഥലത്ത് യഥാർത്ഥത്തിൽ ചെയ്ത അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് മാത്രമല്ല, ഗുരുതരമായ കൃത്യവിലോപം കൂടിയാണ്. മാത്രമല്ല, ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കുന്നതിന് MoRD Data 3.5.1 പ്രകാരം മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കുന്നതിനുള്ള ഉയർന്ന നിരക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്. മണ്ണുമാന്തി യന്ത്രമുപയോഗിച്ചല്ലാതെ മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കിയിട്ടും വ്യാപകമായ തോതിൽ വശങ്ങൾ മണ്ണിടിഞ്ഞ് വീണിട്ടുണ്ടെന്നത് അതിശയോക്തിപരമാണ്. മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ അധികം നൽകിയ 8009 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് തുല്ല്യമായി ഈടാക്കേണ്ടതാണ്.

## 1-17 ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 14/24 |
| പ്രൊജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന |

| | |
|---|---|
| | കുട്ടികൾക്ക് സ്കോളർഷിപ്പ് - ജനറൽ. |
| അടങ്കൽ തുക | 16,21,500/- രൂപ |
| ചെലവഴിച്ച തുക | 7,13,774/- രൂപ (വികസന ഫണ്ട് - ജനറൽ)<br>2,92,826/- രൂപ (ബ്ലോക്ക് പഞ്ചായത്ത്)<br>1,54,650/- രൂപ (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ )നം. 115/2022/എൽ.എസ്.ജി.ഡി തീയതി, 28-05-2022 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന ധനസഹായം 28,500/- രൂപയാണ്. ടി ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 46 വിദ്യാർത്ഥികൾക്ക് 21,500 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഫാത്തിമ ലയാന, D/O നൗഷാദ്.കെ, കൈപ്പള്ളി വീട്,മണ്ണാർമല (പി.ഒ) എന്ന ഗുണഭോക്താവിന് 29000/- രൂപ താഴെ പറയുന്ന പ്രകാരം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ / തീയതി | അനുവദിച്ച തുക |
|---|---|---|
| 1 | 23150352039700781217/ 13.11.2023 | 11,174/- |
| 2 | 23150352039700917671/ 11.12.2023 | 7500/- |

| | | |
|---|---|---|
| 3 | 23150352039700963061/ 19.12.2023 | 10,326/- |
| ആകെ | | 29,000/- |

ഷഹ്ദാൻ.ടി.എൻ, S/O ഉമർ ഖത്താബ്.ടി.എൻ, തോരക്കാട്ടിൽ നീറംകുഴി (ഹൗസ്), വെട്ടത്തൂർ(പി.ഒ) എന്ന വിദ്യാർത്ഥിക്ക് അർഹമായ 28,500/- രൂപയിൽ 14,000/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ-13/15.07.2024 ന് മറുപടിയായി 2023-24 സാമ്പത്തിക വർഷത്തിൽ Que Bill ആയതിനാൽ 28500 രൂപ മുഴുവനായും നൽകാൻ സാധിച്ചില്ല എന്നും ബാക്കി നൽകേണ്ട 7000 രൂപ വീതം 2024-25 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട് എന്നും ബിൽ എടുത്തപ്പോൾ സംഭവിച്ച പിഴവ് കാരണം ഫാത്തിമ ലയാന എന്ന വിദ്യാർത്ഥിനിക്ക് 7500 രൂപ അധികം നൽകുകയും ഷഹ്ദാൻ.ടി.എൻ, എന്ന വിദ്യാർത്ഥിക്ക് 7500 രൂപ കുറവായി നല്കുകയും ചെയ്തു എന്നും അധികം നൽകിയ തുക 2024-25 സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് റിപ്പയർ -സർക്കാർ നിബന്ധനകൾ പാലിക്കുന്നില്ല

നിർവ്വഹണം : സെക്രട്ടറി

| പ്രൊജക്ട് | ചെലവ് വിവരം | | ഫണ്ട് ഇനം |
|---|---|---|---|
| | ബിൽ/ ചെക്ക് നം./തിയ്യതി | തുക | |
| SO302/24,തെരുവ് വിളക്ക് റിപ്പയർ AMC [അടങ്കൽ:3,50,000 ] | 16452/3.1.24 | 1,70,800 | തനത് ഫണ്ട് |
| | 5455/26.3.24 | 56,933 | |
| 06/24,തെരുവ് വിളക്ക് റിപ്പയർ AMC [അടങ്കൽ: 3,50,000] | 5455/26.3.24 | 1,74,845 | |
| | **ആകെ** | **402578** | |

പട്ടികപ്പെടുത്തിയ തെരുവ് വിളക്ക് റിപ്പയർ ആനവൽ മെയിന്റനൻസ് കോൺട്രാക്റ്റ് പ്രൊജക്ടുകൾ നടപ്പാക്കിയതിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

**1) <u>ടെണ്ടർ നടപടി:</u>**

**A)** 08.11.2010ലെ ജി.ഒ(പി)259/2010/തസ്വഭവ.നമ്പർ സർക്കാർ ഉത്തരവ് (പ്രൊക്യൂർമെന്റ് ഗൈഡ് ലൈൻസ്) ഖണ്ഡിക 3.2 പ്രകാരം 1,00,000 രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തി ഓപ്പൺ ടെണ്ടർ ചെയ്യേണ്ടതാണ്.

നല്ല പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാള പത്രത്തിലും ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്. 3,50,000 രൂപ വീതം അടങ്കൽ ഉള്ള രണ്ട് പ്രവൃത്തികൾക്കും ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ച പത്രങ്ങളുടെ കോപ്പികൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 302/24 പ്രൊജക്ടിനു വേണ്ടി തയ്യാറാക്കിയ ടെണ്ടർ നോട്ടീസ് കോപ്പി സൂക്ഷിച്ചിട്ടുണ്ട്. ആയത് എവിടെയെല്ലാം പ്രസിദ്ധപ്പെടുത്തിയെന്ന് വ്യക്തമാക്കുന്ന രേഖകളില്ല.

**B)** ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് കൂറ്റനാട്, ക്വാളിറ്റി സർവീസ് സിസ്റ്റംസ് കൂറ്റനാട് എന്നിങ്ങനെ രണ്ട് സ്ഥാപനങ്ങളുടെ ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് കൂറ്റനാടിന് രണ്ട് പ്രൊജക്ടുകളിലും വർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ രണ്ട് സ്ഥാപനത്തിന്റെയും ലെറ്റർ ഹെഡിൽ ഒരേ ഫോൺ നമ്പറുകളാണ് (0466-2371373, 0466-2370809) നൽകിയിട്ടുള്ളത്. ആയതിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ പങ്കെടുത്ത് അനർഹമായ ആനുകൂല്യം നേടുന്നതിനും ടെണ്ടർ നടപടികളുടെ സുതാര്യത കളങ്കപ്പെടുത്തുന്നതിനും മന:പൂർവ്വം രൂപീകരിച്ച നിഴൽ സ്ഥാപനമാണ് രണ്ടെണ്ണത്തിൽ ഒന്ന് എന്ന് മനസ്സിലാകുന്നു. സർക്കാർ പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് ഗൈഡ് ലൈൻസ് നിർദ്ദേശം പരിഗണിക്കാതെയും ലഭ്യമാക്കിയ ടെണ്ടർ/ക്വട്ടേഷൻ രേഖകൾ സൂക്ഷ്മ പരിശോധന നടത്താതെയും ഒരു സ്ഥാപനത്തിന് വർക്ക് ഏൽപ്പിച്ചത് സംബന്ധിച്ച വിശദീകരണം/ തീരുമാനം പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**C)** കരാറുകാരനുമായി ചമച്ച20.10.2023ലെ 07/2023-24 നമ്പർ കരാറിലെ വ്യവസ്ഥ 9 പ്രകാരം 15.9.11ലെ 3055/ഡി.എ3/2011/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരമുള്ള നിബന്ധനകൾ കരാറിന്റെ ഭാഗമാണ്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 2.എ) പ്രകാരം ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതും മെയിന്റനൻസും സ്ഥാപിക്കലും നിയമാനുസൃത ഇലക്ട്രിക്കൽ കോൺട്രാക്റ്റേഴ്സ് ലൈസൻസുള്ള കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ച് വേണം നടപ്പിലാക്കേണ്ടത്. എന്നാൽ മേൽ പദ്ധതികൾ പ്രകാരം ടെണ്ടർ ലഭിച്ച ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ് കൂറ്റനാടിന് മാനുഫാക്ചറിംഗ് ലൈസൻസാണുള്ളത്. നിയമാനുസൃത ഇലക്ട്രിക്കൽ കോൺട്രാക്റ്റേഴ്സ് ലൈസൻസ് വിവരമോ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**D)** 07/2023-24 നമ്പർ കരാറിലെ വ്യവസ്ഥകൾ 11, 13 എന്നിവ പ്രകാരം തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷാ പകർപ്പുകൾ , ഇലക്ട്രിക്കൽ ലൈസൻസുള്ള സൂപ്പർവൈസറുടെ മേൽനോട്ടത്തിൽ വൈദഗ്ധ്യമുള്ള ആളുകളെകൊണ്ട് മാത്രം പ്രവൃത്തി നടത്തേണ്ടതുണ്ട് എന്നതിനാൽ പ്രസ്തുത ആളുകളുടെ യോഗ്യതാ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് എന്നിവ ടെണ്ടറുകാരൻ പഞ്ചായത്തിന് ലഭ്യമാക്കണം. എന്നാൽ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**E)** SO302/24 നമ്പർ പ്രൊജക്ടിനായി ചമച്ച 30.03.2023ലെ 18/2022-23നമ്പർ കരാർ നിബന്ധന15 പ്രകാരം 3 മാസം ഇടവിട്ട് മെയിന്റനൻസ് പ്രവൃത്തി നടത്തണം. ആദ്യ ഘട്ട പ്രവൃത്തി പൂർത്തിയാക്കുന്ന പക്ഷം ആകെ കരാർ തുകയുടെ 50% അനുവദിക്കാവുന്നതാണ്. ബാക്കി 50% തുക 3 തുല്യ ഗഡുക്കളായി ശേഷിക്കുന്ന 3 ഘട്ട പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നൽവാവുന്നതാണ്. എന്നാൽ 06/24 നമ്പർ പ്രൊജക്ടിനായി ചമച്ച 07/2023-24 നമ്പർ കരാറിൽ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കുകയും ആയതിലെ വ്യവസ്ഥ14 പ്രകാരം 3 മാസ ഇടവേള പ്രത്യേകം പറയാതെ വർഷത്തിൽ 3 സർവീസ് കരാറുകാരൻ നടത്തേണ്ടതാണെന്നും ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് 90% പേയ്മെന്റും നടത്തണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. സേവനത്തിലും പേയ്മെന്റിലും പഞ്ചായത്തിന്റെ താത്പര്യം തീർത്തും അവഗണിച്ച് നിബന്ധനകളിൽ മാറ്റം വരുത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

## 2) നിർവ്വഹണം:

**A)** 283 LEDതെരുവ് വിളക്കുകളുടെ മെയിന്റനൻസാണ് രണ്ട് പ്രൊജക്ടുകളിലും വിഭാവനം ചെയ്തിരിക്കുന്നത്. 15-09-2011 ലെ 3055/ഡി.എ3/2011/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പരാതി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**B)** SO302/24 നമ്പർ പ്രൊജക്ട് ഫയൽ പ്രകാരം ഓഗസ്റ്റ് മാസത്തിൽ തെരുവ് വിളക്ക് റിപ്പയർ നടത്തിയത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടുണ്ട്. 4 ഘട്ടങ്ങളിലെ മറ്റ് 3 തവണയിലും റിപ്പയർ ചെയ്ത സാക്ഷ്യപത്രങ്ങൾ ചേർത്തുവെച്ചിട്ടില്ല. മാത്രമല്ല ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസിന്റെ 06.03.2024 ലെ UES/PAY/VETTATHUR GP/03/23-24 നമ്പർ കത്തിൽ കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇൻവോയ്സ് (UES/24/INV/70086/4-10-23 : 345260/-)പ്രകാരമുള്ള മൊത്തം തുകയിൽ പേയ്മെന്റ് നടത്താൻ ബാക്കിയുള്ള തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 06/24 നമ്പർ പ്രൊജക്ട് പ്രകാരമുള്ള റിപ്പയർ വർക്കുകൾ സംബന്ധിച്ച KSEBയുടെ അനുമതി സാക്ഷ്യപത്രങ്ങളൊന്നും സൂക്ഷിച്ചിട്ടില്ല.

**C)** 15-9-2011 ലെ 3055/ഡി. എ3/2011/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം KSEBയുടെ അനുമതിയിലും സൂപ്പർവിഷനിലും മാത്രമാണ് പ്രവൃത്തികൾ നടത്തേണ്ടത്. SO302/24 നമ്പർ പ്രൊജക്ട് പ്രകാരം ഒന്നാം ഘട്ടം റിപ്പയർ 2023 ഓഗസ്റ്റ് മാസത്തിൽ നടത്തിയിട്ടുണ്ടെങ്കിലും ആയതിനും രണ്ടാം ഘട്ടത്തിനും KSEBയുടെ സൂപ്പർവിഷന് വേണ്ടി കത്ത് നൽകിയിരിക്കുന്നത് 22.03.2024 ലെ 400880/DPPE02/2024/874(2) നമ്പർ കത്ത് മുഖേനയാണ്. സൂപ്പർവിഷൻ ചാർജ് അടവാക്കുന്നതിന് KSEB കത്ത് നൽകിയിരിക്കുന്നത് 25.03.2024 ലെ DB.20/Street Light/23-24/58 നമ്പർ പ്രകാരവുമാണ്. ആയതിൽ നിന്നും സർക്കാർ നിർദ്ദേശം ലംഘിച്ച് KSEBയുടെ അനുമതിയില്ലാതെയാണ് ഒന്നാം ഘട്ട പ്രവൃത്തി നടത്തിയതെന്ന് കാണുന്നു.

**D)** 302/24 പ്രൊജക്ടിനു വേണ്ടി തയ്യാറാക്കിയ ടെണ്ടർ നോട്ടീസിൽ 24 W LED Street Light വേണമെന്ന് സ്പെസിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇരു പ്രൊജക്ടുകളിലും സമർപ്പിച്ച ടാക്സ് ഇൻവോയ്സുകളിൽ എത്ര വാട്ട് ബൾബാണ് സ്ഥാപിച്ചതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

**E)** SO302/24 നമ്പർ പ്രൊജക്ടിൽ 227733/ രൂപയും 06/24 നമ്പർ പ്രൊജക്ടിൽ 174845 രൂപയും ചെലവ് ചെയ്തിട്ടുണ്ട്. ആയതിൽ KSEBക്ക് നൽകിയ സൂപ്പർവിഷൻ ചാർജ്ജ് 6400രൂപ ഒഴികെയുള്ളത് ഉഷ ഇലക്ട്രോണിക്സിനാണ് നൽകിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് നിയമാനുസൃത കിഴിവുകൾ (ജി.എസ്.ടി2%, തൊഴിലാളി ക്ഷേമനിധി വിഹിതം 1%, ആദായ നികുതി 2%) നടത്തി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 05/11.7.24) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രത്യേകിച്ചും ഇലക്ട്രിക്കൽ വർക്കായതിനാൽ പ്രത്യാഘാതങ്ങൾ പഞ്ചായത്തിനെ ബാധിക്കാതിരിക്കാൻ ടെണ്ടർ നടപടികൾ, കരാർ, പ്രവൃത്തിയുടെ നടത്തിപ്പ് എന്നിവയിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

## 1-19 വിനിയോഗ വിവരം ലഭ്യമല്ല

നിർവ്വഹണം : സെക്രട്ടറി

| പ്രൊജക്ട് | ചെലവ് വിവരം | | റിമാർക്സ് |
|---|---|---|---|
| | ബിൽ/ ചെക്ക്/വൗച്ചർ നം./തിയ്യതി | തുക | |
| | | | |

| | | | |
|---|---|---|---|
| 05/24, പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 23150352005100865532/ 30.11.23 | 4,46,092 (വികസന ഫണ്ട് ജനറൽ) | To KSEB പട്ടിക്കാട് |
| 10/24, സ്ട്രീറ്റ് മെയിൻ വലിക്കൽ ഒന്നാം ഘട്ടം | 22300847/24.02.24 | 19,91,410 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| 292/24, പൂങ്കാവനം ഡാമിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ | 2784994/30.01.24 | 45,366 (തനത് ഫണ്ട്) | |
| | **ആകെ** | **2482868** | |

പട്ടികപ്പെടുത്തിയ പ്രൊജക്ടുകൾ പ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട ഫയലുകളിൽ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ ലഭ്യായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 16/17.7.24) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-20 ഫെസ്റ്റിവൽ അഡ്വാൻസ് പൂർണ്ണമായി തിരിച്ചുപിടിച്ചിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

തൻ വർഷം ശ്രീ. അരുൺ ഡ്രൈവർക്ക് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസ് (20000/-) തുകയിൽ നാലു ഗഡുക്കൾ (4x4000) പ്രകാരം 16000 രൂപയാണ് തിരികെ ഈടാക്കിയിട്ടുള്ളത്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ശേഷിക്കുന്ന 4000 രൂപ തിരിച്ചുപിടിച്ചിട്ടില്ല. തുക തിരികെ

ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻകചയറി(നം. 17/17.7.24) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ലാപ്‌ടോപ്പ് ലഭ്യമാക്കിയില്ല.

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ 136/24 വെറ്ററിനറി ഡിസ്പൻസറിയിലേക്ക് ലാപ്‌ടോപ്പ് വാങ്ങൽ എന്ന പ്രൊജക്റ്റിൽ ലാപ്‌ടോപ്പ് വാങ്ങുന്നതിനു ബിൽ നമ്പർ- 23150352039501140089/30.01.2024(മെയിന്റനൻസ് ഫണ്ട് -റോഡിതരം) പ്രകാരം 57616 രൂപ (പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/52957/23-24 Dtd 19-01-2024)കേരള സ്റ്റേറ്റ് ഐടി മിഷനു നൽകിയിട്ടുണ്ട്. നാളിതു വരെ ലാപ്‌ടോപ്പ് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകചയറി നമ്പർ 14/15.07.24 ന് മറുപടിയായി ലാപ്‌ടോപ്പ് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ലാപ്‌ടോപ്പ് ലഭ്യമാക്കി സ്റ്റോക്ക് വിവരം സഹിതം പരിശോധനക്കായി അറിയിക്കേണ്ടതാണ്.

## 1-22 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മരുന്നുകൾ ലഭ്യമായില്ല.

| | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| ക്രമ നമ്പർ 1 | 163/24 പരിരക്ഷ പദ്ധതി | 900000/- (വികസനം ജനറൽ-) 96440 (തനത് ഫണ്ട്-) | ചെലവ് : 838934/- (വികസനം ജനറൽ-), തനത് ഫണ്ട്- 93280) | 23150352039 400147589/31.05.2023- RS 37890<br>23150352039 400212600/19.06.2023- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | RS 40992 | |
| | | | | | 23150352039<br>400294568/10.07.2023-<br>RS 38248 | |
| | | | | | 23150352039<br>400419461/09.08.2023-<br>RS 40752 | |
| | | | | | 23150352039400539954<br>/12.09.2023-RS 376000 | |
| | | | | | 23150352039<br>400539961/12.09.2023-<br>RS 39352 | |
| | | | | | 23150352039<br>400539961/12.09.2023-<br>RS 22160 | |
| | | | | | 23150352039<br>400539956/12.09.2023- | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | RS 22160 | |
| | | | | | 23150352039<br>400759286/8.11.2023-<br>RS 40752 | |
| | | | | | 23150352039<br>400786398/14.11.2023-<br>RS 39190 | |
| | | | | | 23150352039<br>400927012/13.12.2023-<br>RS 16960 | |
| | | | | | 23150352039<br>400927003/13.12.2023-<br>RS 46614 | |
| | | | | | 23150352039<br>401149070/01.02.2024<br>RS 41042 | |

| | | | | | |
|---|---|---|---|---|---|
| | | | | | വൗച്ചർ നമ്പർ<br>22300783<br>Dtd 14.02.24 RS-11450 |
| | | | | | 23150352039<br>401203627 Dtd 12.02.24<br>RS-48182 |
| | | | | | 23150352039<br>401223949 Dtd 15.02.24<br>RS-10800 |
| | | | | | വൗച്ചർ നമ്പർ 73/<br>25.03.24 RS-12720 |
| | | | | | വൗച്ചർ നമ്പർ 74/<br>25.03.24 RS-50720 |
| | | | | | വൗച്ചർ നമ്പർ 72/<br>25.03.24 RS-18390 |

| | | | | |
|---|---|---|---|---|
| ക്രമ നമ്പർ 2 | 161/24 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 550000/- (വികസനം ജനറൽ-) | 550000/- | 23150352039 400759283/8-11-23 |

ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന്(BRN. NO. 23150352039400399 54 തീയതി, 12-9-2023) 3,76,000 രൂപ പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF-1058/23.08.2023 ന്റെ അടിസ്ഥാനത്തിൽ 376000/- രൂപയും ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം PRF-1056/23.08.2023 ന്റെ അടിസ്ഥാനത്തിൽ 550000, നല്കിയിരുന്നു. എന്നാൽ മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് വിവരം സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 20/17.07.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## <u>1-23 ഡയഗ്നോസ്റ്റിക്ക് ഉപകരണങ്ങൾ -സ്റ്റോക്ക് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.</u>

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ/ വൗച്ചർ നമ്പർ |
|---|---|---|---|
| 282/24. ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് &വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക | 135000/- (ഹെൽത്ത് ഗ്രാന്റ്) | ചെലവ് : 135000/- | RS 13400 (38/23-24 Dtd 20.01.2024 Part Bill) |

മേൽ പ്രൊജക്ട് പ്രകാരം വെട്ടത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള സബ് സെന്ററുകളിലേക്ക് ഇൻവിവോ സർജിക്കൽസ്, പെരിന്തൽമണ്ണയിൽ നിന്നും ഡയഗ്നോസ്റ്റിക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്(ഇൻവോയ്സ് നമ്പർ INV/B2C/1226 Dtd RS.13400 ) ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-24 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണ ഉദ്യോഗസ്ഥൻ | സുലേഖ പ്രകാരമുള്ള ചെലവ് | യഥാർഥ ചെലവ് | വ്യത്യാസം. |
|---|---|---|---|---|
| 164/24- പി.എച്ച്.സിയിൽ ഇവനിങ്ങ് ഒ.പി | മെഡിക്കൽ ഓഫീസർ | 731120(വികസന ഫണ്ട് ജനറൽ) 33530(തനതു ഫണ്ട്) | 734780(വികസന ഫണ്ട് ജനറൽ) 33530(തനതു ഫണ്ട്) | (-) 3660 |

അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകചയറി നമ്പർ 19/27-10-23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തി- സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകി.

2023-24 സാമ്പത്തിക വർഷത്തിൽ MGNRGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയേക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 651.20 രൂപ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 375/- മുതൽ 410/- രൂപവരെയാണ് ഒരുചാക്ക് സിമന്റിന് വിവിധ ബ്രാന്റുകളുടെ മാർക്കറ്റ് വില.

MGNRGA-യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്‌വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (Rs. 13024 രൂപ/ടൺ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം

തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. മാത്രമല്ല, പരമാവധി ഒരുചാക്കിന് 430/- രൂപയാണ് നിരക്ക് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് കോൺക്രീറ്റ് പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. സിമന്റ് വാങ്ങിയ ഇൻവോയ്സുകൾ ഫയലിൽ ചേർത്തു വെച്ചിട്ടില്ല. ആയത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | വാങ്ങിയ സിമന്റിന്റെ അളവ്/വില (Tonne) | സിമന്റ് വാങ്ങിയതിന് നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | കുണ്ടടിപ്പറമ്പ് തേലക്കാട് റോഡ് പാത്ത് വേ കോൺക്രീറ്റിംഗ്. ആകെ ചെലവ്- 174146/-, Vr No. M 007922/06.12.2023 M Book No. 63/22-23- വെണ്ടർ- ശ്രീ.ഷംസുദ്ധീൻ.കെ.വി | 6.24 Tonne / @Rs.13024/- = 81269.76 | 8600/Tonne= 53664 | Rs. 27605.76 |

കരാറുകാരന് 27605.76 രൂപ അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 19/17.7.24)നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ 27606 രൂപ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## <u>1-26 കെൽട്രോണിന് അധിക തുക നൽകി</u>

നിർവഹണം : മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നമ്പർ / പേര് : 272/24 പി.എച്ച്.സിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 250000, ചെലവ് തുക : 247208രൂപ (തനത് ഫണ്ട്)

ചെക്ക് നമ്പർ 6909869 Dtd 8/01/2024 RS 96552(Part Bill)

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പി.എച്ച്.സിയിലേക്ക് ലാപ്ടോപ്പ് (പ്രോഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/50820/23-24,16-10-23 ) വാങ്ങുന്നതിനായി കെൽട്രോണിന് 96552 രൂപ നൽകിയിട്ടുണ്ട് . എന്നാൽ ഇൻവോയ്സ് പ്രകാരം താഴെ പറയും പ്രകാരമാണ് ചെലവ് വന്നിട്ടുള്ളത് എന്ന് കാണുന്നു.

| ഇൻവോയ്സ് നമ്പർ / തിയ്യതി | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | തുക |
|---|---|---|---|---|
| TN 20243300000688 Dtd 11.06.24 | Laptop Medium End Windows 11 Proffessional | 2 | 39338 | 78676 |
| 18% GST ഉൾപ്പെടെയുള്ള തുക | | | | 92837 |

കെൽട്രോണിന് അധികമായി അനുവദിച്ച 3715 രൂപ (96552 - 92837) കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും ലാപ്ടോപ്പിന്റെ സ്റ്റോക്ക് സംബന്ധിച്ച വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി 23/17-07-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 വാഹന വാടക - ആദായ നികുതി TDS അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : പരിരക്ഷ പദ്ധതി

നം. : 163/24

അടങ്കൽ : 9,00,000 (വികസന ഫണ്ട്)

96440 (തനത് ഫണ്ട്-)

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വാഹന വാടക ഇനത്തിൽ ശ്രീ. സുന്ദരൻ സി എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും തുകകൾ നൽകിയിട്ടുണ്ട്. Income Tax Act 1961, Sec. 194C പ്രകാരം, വാടകയിനത്തിൽ അനുവദിക്കുന്ന തുക (Single Payment) 30,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും, ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ വരുന്നുവെങ്കിലും അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

| BRN | അനുവദിച്ച തുക |
|---|---|
| 23150352039400147589/31.05.2023 | 19500 |
| 23150352039400212600/19.06.2023 | 22100 |
| 23150352039400294568/10.07.2023 | 19500 |
| 23150352039400419461/09.08.2023 | 22100 |
| 23150352039400539961/12.09.2023 | 19500 |
| 23150352039400759286/8.11.2023 | 22100 |
| 23150352039400786398/14.11.2023 | 20800 |
| 23150352039400927003/13.12.2023 | 20800 |
| 23150352039401149070 Dtd 01.02.2024 | 20800 |
| 23150352039401203627 Dtd 12.02.24 | 23400 |
| വൗച്ചർ നമ്പർ 74/ 25.03.24 | 26000 |
| ആകെ | 236600 |

25/17-07-24-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1% TDS ഈടാക്കി അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ടിഷ്യൂ കൾച്ചർ വാഴക്കന്ന് വിതരണം (വനിത)- അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ടിഷ്യൂ കൾച്ചർ വാഴക്കന്ന് വിതരണം (വനിത) എന്ന പദ്ധതി പ്രകാരം വാഴക്കന്ന് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതിൽ പദ്ധതിക്കായി Cell Tech Tissue Culture Plants എന്ന സ്ഥാപനത്തിൽ നിന്ന് ഇ.നം. CT/1563/2023 തിയ്യതി.

04.10.2023 പ്രകാരം വാങ്ങിയ മുഴുവൻ തൈകളും വിതരണം ചെയ്യാത്തതായി കാണപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | ടിഷ്യു കൾച്ചർ വാഴക്കന്ന് വിതരണം വനിത 158/24 |
| അടങ്കൽ | 72000/- (വികസന ഫണ്ട് ജനറൽ ) |
| ചെലവ് | 72000/- (വികസന ഫണ്ട് ജനറൽ) BRN.23150352039600813049/14.11.2023 – |
| ഇ.നം. CT/1563/2023 തിയ്യതി. 04.10.2023 പ്രകാരം വാങ്ങിയത് | 3600 Nos<br>3600 X 20 = 72000/- |
| വിതരണം ചെയ്തതിന്റെ വിവരം | വിതരണ രജിസ്റ്റർ പ്രകാരം 197 ഗുണഭോക്താക്കൾക്ക് 18 വാഴക്കന്ന് വീതം ആകെ വിതരണം ചെയ്തത് 3546 എണ്ണമാണ്. വ്യത്യാസം – 54 എണ്ണം |

പദ്ധതി പ്രകാരം വാങ്ങിയത് മുഴുവനായി വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18/ 17.07.2024 ന് Cell Tech Tissue Culture Plants എന്ന സ്ഥാപനത്തിൽ നിന്ന് 3600 ടിഷ്യു കൾച്ചർ വാഴക്കന്ന് വാങ്ങുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും വിതരണ രജിസ്റ്ററിൽ ക്ലറിക്കൽ പിശകുമൂലം 54 വാഴക്കന്നുകളുടെ കുറവ് വന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വിതരണം ചെയ്ത ആകെ വാഴക്കന്നുകളുടെ എണ്ണം പരിശോധിക്കുക പോലും ചെയ്യാതെ നിരുത്തരവാദപരമായി ആകെ 3600 എണ്ണം എന്ന് രേഖപ്പെടുത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ മുഴുവൻ തൈകളും വിതരണം ചെയ്തതിന്റെ വ്യക്തമായ വിവരം ലഭ്യമാക്കാതെ വിതരണ രജിസ്റ്ററിൽ ക്ലറിക്കൽ പിശകുമൂലം

വാഴക്കന്നുകളുടെ കുറവ് വന്നതാണെന്നുള്ള മറുപടി പരിഗണനാർഹമല്ല. അപാകതയ്ക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 ഭവന നിർമ്മാണം പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന വിവിധ ലൈഫ് ഭവന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വെച്ച് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ആരംഭിച്ചതായി /പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റിയ തിയ്യതി |
|---|---|---|---|
| 1 | സൗമ്യ വേട്ടേക്കോട് വേട്ടേക്കോട് ഹൗസ്, വെട്ടത്തൂർ വാർഡ് 9 | 40000 | 06.03.2021 |
| 2 | ശാന്ത വിത്തനോട്ടിൽ കാര, വെട്ടത്തൂർ വാർഡ് 8 | 40000 | 05.07.2023 |
| 3 | മുഹമ്മദ്,അമ്പാട്ട് ഹൗസ്, തേലക്കാട് വാർഡ് 5 | 100000 | 27.02.2023 |
| | | | |

| | | | |
|---|---|---|---|
| 4 | പത്മാവതി<br>തച്ചങ്ങോട്ട് പുത്തൻവീട്,<br>വെട്ടത്തൂർ<br>വാർഡ് 8 | 60000 | 07.07.2023 |
| 5 | ചെമ്പകവല്ലി<br>വിളയിൽ ഹൗസ് , പട്ടിക്കാട്<br>വാർഡ് 16 | 40000 | 20.06.2023 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻകചയറി 22/17.07.2024 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ. 1 ലെ ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ നൽകിയ അഡ്വാൻസ് തുക തിരിച്ചീടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അധിക തുക നൽകി

| | |
|---|---|
| പദ്ധതി | മാലിന്യ സംസ്കരണം (141/24) |
| അടങ്കൽ | 1400000/- CFC |
| ചെലവ് | 1086130/- |

വി.ഇ.ഒ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലൂടെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ നിന്ന് തിരസ്കൃത മാലിന്യങ്ങൾ 2016 ലെ ഖരമാലിന്യ നിർമ്മാർജ്ജന ചട്ട പ്രകാരം നീക്കം ചെയ്യുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക കാട്ട് ചെയ്ത ഗ്രീൻ വേംസ് ഇക്കോ സൊലൂഷൻസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും (26.05.2023 ലെ 3(1)ഭരണസമിതി തീരുമാനം) സ്ഥാപനവുമായി 01.07.2023 ന് കരാർ വെക്കുകയും ചെയ്തിട്ടുണ്ട്.

കരാർ നിബന്ധന 5 പ്രകാരം തരം തിരിക്കാത്ത തിരസ്കൃത മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കിലോക്ക് 6രൂപ 50 പൈസ നിരക്കിലാണ് ഗ്രീൻ വേംസ് ഇക്കോ സൊലൂഷൻസിന് നൽകേണ്ടത്. എന്നാൽ താഴെ ചേർത്ത പ്രകാരം അധിക തുക നൽകിയതായി കാണുന്നു.

| ബിൽ/ വൗച്ചർ നമ്പർ | ഇൻവോയ്സ് നമ്പർ | നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|
| 352/24.01.2024-69755/- | GW/23-24/PC253/31.07.2023<br>KL 13AA 8110-2420 Kg<br>KL 23R 7051-2415 Kg<br>KL 11BX 7481-1725 Kg<br>KL 11BX 7481-1805 Kg<br>KL 10 BE 5514-1600 Kg<br>Total – 9965 | 9965 X 6.50=64772.50 | 69755/- | 4982.50 |
| 444/13.03.2024-91088 | GW/23-24/PC839/29.02.2024<br>KL 71 L4056- 1450 Kg<br>KL 11 BY 3781- | 13875 X 6.5 = 90187.50 | 91088 | 900.50 |

| | | | | |
|---|---|---|---|---|
| | 1760 Kg<br>KL 11 BY 3797-2100 Kg<br>KL 65 U 5189- 1680 Kg<br>KL 48 J 3451-1545 Kg<br>KL 65 U 5189- 1760 Kg<br>KL 11 BX 8662-2055 Kg<br>KL 11 BY 3703-1525 Kg<br>Total- 13875 Kg | | | |
| | | | ആകെ | 5883 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി 24/17.07.2024 ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രീൻ വേംസ് ഇക്കോ സൊലൂഷൻസിന് അധികം നൽകിയ 5883/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 അടുക്കളത്തോട്ടം - വനിത- പച്ചക്കറിതൈകൾ വിതരണം അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ അടുക്കളത്തോട്ടം വനിത എന്ന പദ്ധതി പ്രകാരം പച്ചക്കറി തൈകൾ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധിച്ചതിൽ പദ്ധതിക്കായി പെരിന്തൽമണ്ണ അഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് ഇ.നം. 224/6093/23-24 തിയ്യതി. 20.09.2023 പ്രകാരം വാങ്ങിയ മുഴുവൻ തൈകളും വിതരണം ചെയ്തതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | അടുക്കളത്തോട്ടം വനിത 159/24 |
| അടങ്കൽ | 122670/- (വികസന ഫണ്ട് ജനറൽ ) |
| ചെലവ് | 122670/- (വികസന ഫണ്ട് ജനറൽ )<br>BRN.23150352039600813041/14.11.2023 – |
| ഇ.നം. 224/6093/23-24 തിയ്യതി. 20.09.2023 പ്രകാരം വാങ്ങിയ തൈകൾ | Chilli- 9868<br>Brinjal- 9800<br>Tomato- 9800<br>Cabbage- 9800<br>CauliFlower- 9800<br>ആകെ- 49068<br>ആയത് മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.(സ്റ്റോക്ക് രജിസ്റ്റർ Vol 6 പേജ്.123) |
| വിതരണം ചെയ്തതിന്റെ വിവരം | വിതരണ രജിസ്റ്റർ പേജ് 176, 177, 178, 179 പ്രകാരം ആകെ വിതരണം ചെയ്തത് 48003 തൈകളാണ്. വ്യത്യാസം – 1065 |
| കുറിപ്പ് | ഒരു തൈക്ക് 2.5 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. |

പദ്ധതി പ്രകാരം വാങ്ങിയ 1065 തൈകൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 15/ 17.07.2024 ന് യഥാർത്ഥത്തിൽ 49068 പച്ചക്കറി തൈകൾ വാങ്ങുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും വിതരണ രജിസ്റ്ററിൽ ക്ലറിക്കൽ പിശകുമൂലം 1065 തൈകളുടെ കുറവ് വന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതിക്കായി പെരിന്തൽമണ്ണ അഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് ഇ.നം. 224/6093/23-24 തിയ്യതി. 20.09.2023 പ്രകാരം വാങ്ങിയ വിവിധ ഇനം പച്ചക്കറി തൈകൾ ( ആകെ 49068 എണ്ണം) മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനുശേഷം വിതരണ രജിസ്റ്റർ പേജ് 176, 177, 178, 179 എന്നിവ പ്രകാരം 16 വാർഡുകളിൽ (ഓരോ വാർഡിലേക്കുമുള്ളത് ഒന്നിച്ച്) നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 16 വാർഡുകളിലായി ആകെ വിതരണം ചെയ്തത് 48003 ആണ്. വിതരണം ചെയ്ത ആകെ തൈകളുടെ എണ്ണം പരിശോധിക്കുക പോലും ചെയ്യാതെ നിരുത്തരവാദ പരമായി ആകെ 49068 എണ്ണം എന്ന് രേഖപ്പെടുത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. അപാകതക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോം വർക്കിനുള്ള തുക നൽകി- 8009/- രൂപയുടെ അധികച്ചെലവ്.**

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന ഡ്രൈനേജ് പ്രവൃത്തികളിൽ ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് മണ്ണ് എടുത്ത് മാറ്റിയ അതേ നീളത്തിലും വീതിയിലും തന്നെയാണ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റ് നടത്തിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. അതിനാൽത്തന്നെ ഇത്തരം പ്രവൃത്തികൾക്ക് ഫോം വർക്ക് ചെയ്യേണ്ടി വരുന്നില്ല.

പ്രവൃത്തിക്ക് MORD 2018 SOR, 36.44% Cost Index പ്രകാരം അനുവദിച്ചതും അനുവദിക്കാവുന്നതുമായ നിരക്ക് താഴെ നൽകുന്നു

| പ്രവൃത്തി | അനുവദിച്ച നിരക്ക് (ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ) | അനുവദിക്കാവുന്ന നിരക്ക് (ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയത്) | അധികം |
|---|---|---|---|
| Drain Bed Concrete (1:3:6) | 7841.67/M3 ( Mord 11.4.1.1 ) | 7540.07/M3 | 301.60/ $M^3$ |

താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിക്ക് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ തുക അനുവദിച്ച് നൽകിയത് വഴി അധികച്ചെലവുണ്ടായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് അളവ് | അധികം നൽകിയ തുക @ 301.60/M3 (18% GST നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| | | | ഉൾപ്പെടെ) |
| 1 | പദ്ധതി: മണ്ണാർമല പീടികപ്പടി പച്ചീരി റോഡ് ഡ്രൈനേജ് 256/24<br>അടങ്കൽ: 350000 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)<br>കരാറുകാരൻ: മുഹമ്മത് അസ്ലം<br>കരാർ: 26/AE/LID&EW/VTR/22-23/23-12-22<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 301983 രൂപ<br>BRN: 22150352022501446865/23-3-23: Rs 126700<br>23150352022500214684/19-6-23 : Rs 121540<br>PAC: 294905.12 രൂപ<br>സാങ്കേതികാനുമതി നമ്പർ : LSGD/CELSGD/EST/TS/69736/2022 Dated 29.10.2022<br>Est. Item No. 2 | 8.042M3 | 2862.04<br>(8.042 X 301.60) X 118%)<br>Rounded To: Rs 2862/- |
| 2 | പദ്ധതി: ചുങ്കം ജാറം റെയിൽവേ റോഡ് ഡ്രൈനേജ് 219/24<br>അടങ്കൽ: 544310 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | 13.207 | 5146.72<br>(13.207 X301.60 = 3983.23 + 9.5% (Tender Above)= 4361.63 X |

| | | | |
|---|---|---|---|
| | കരാറുകാരൻ: അബ്ദുൾ ജബ്ബാർ<br>കരാർ: 40/AE/LID&EW/VTR/22-23/24-12-22(9.5% Above ER)<br>അളവ് പുസ്തകം: E- M Book<br>ചെലവ്: 530863 രൂപ<br>BRN: 221503520225012278O5/22-2-23: Rs 182400<br>231503520225002152 93/19-6-23: Rs 177919<br>231503520225008425 34/25-11-23: Rs 170544<br>PAC: 421260.02 രൂപ<br>സാങ്കേതികാനുമതി നമ്പർ : LSGD/CELSGD/EST/TS/69936/2022 Dated 29.10.2022<br>Est. Item No. 3 | | 118% = 5146.72)<br>Rounded To: Rs 5147/- |
| | | ആകെ | 8009/- |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എസ്റ്റിമേറ്റിൽ അധിക നിരക്ക് നൽകിയത് മൂലമുള്ള നഷ്ടം 8009/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 12/15-7-24) ഡ്രൈനേജിന് വേണ്ടി മണ്ണെടുത്തപ്പോൾ പല ഭാഗങ്ങളിലും വശങ്ങൾ മണ്ണിടിഞ്ഞ് വീണതിനാൽ സെന്ററിംഗ് & ഷട്ടറിംഗ് കൊടുക്കേണ്ടി വന്നു എന്നും എന്നാൽ ബെഡ് കോൺക്രീറ്റ് ചെയ്ത അളവ് മാത്രമാണ് മണ്ണെടുത്തതായി രേഖപ്പെടുത്തിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

എന്നാൽ, പ്രവൃത്തി സ്ഥലത്ത് യഥാർത്ഥത്തിൽ ചെയ്ത അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാൻ കഴിയില്ലെന്ന് മാത്രമല്ല, ഗുരുതരമായ കൃത്യവിലോപം കൂടിയാണ്. മാത്രമല്ല, ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ്

നീക്കുന്നതിന് MoRD Data 3.5.1 പ്രകാരം മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കുന്നതിനുള്ള ഉയർന്ന നിരക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്.മണ്ണുമാന്തി യന്ത്രമുപയോഗിച്ചല്ലാതെ മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കിയിട്ടും വ്യപകമായ തോതിൽ വശങ്ങൾ മണ്ണിടിഞ്ഞ് വീണിട്ടുണ്ടെന്നത് അതിശയോക്തിപരമാണ്. മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ അധികം നൽകിയ 8009 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് തുല്ല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2023-24 | വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം./പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 292826 | 14/24, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 292826 | 0 |

| | | | | |
|---|---|---|---|---|
| | | വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് | | |
| | 1040000 | 145/24, ലൈഫ് മിഷൻ ജനറൽ | 1040000 | 0 |
| | 1610000 | 146/24, ലൈഫ് മിഷൻ പദ്ധതി (പട്ടികജാതി) | 1610000 | 0 |
| ജില്ലാ പഞ്ചായത്ത് | 154650 | 14/24, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്ക്കോളർഷിപ്പ് | 154650 | 0 |
| | 3000000 | 145/24, ലൈഫ് മിഷൻ ജനറൽ | 3000000 | 0 |
| | 675000 | 146/24, ലൈഫ് മിഷൻ ജനറൽ പട്ടികജാതി | 675000 | 0 |
| | 1115000 | 166/24, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് | 1115000 | 0 |
| | 370594 | 181/24, വെട്ടത്തൂർ അംഗനവാടി കെട്ടിട നിർമ്മാണം | 370594 | 0 |
| | 286707 | 192ഹൈസ്ക്കൂൾപ്പടി അംഗനവാടി കെട്ടിട നിർമ്മാണം | 286707 | 0 |
| | 207903 | കാപ്പുങ്ങൽ കോളനി അംഗനവാടി കെട്ടിട നിർമ്മാണം | 207903 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ വൗച്ചർ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ ഘട്ടം 1(10/24) | XVFC/2023-24/P/21,22.02.2024 CFC (PFMS PORTAL TRANSFER) | 1991410 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1991410 |
| KSEB | പൂങ്കാവനം ഡാം – ഇലക്ട്രിക്കൽ ലൈൻ വലിക്കൽ(292/24) | 2784994/30.01.2024 | 45366 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 45366 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം | | 51205000 | 21125261 | 2483442 | 00 | 69846819 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2021-22 | പാര 1-30 | 11554 | അബ്ദുൽ ജലീൽ തയ്യിൽ അസിസ്റ്റന്റ് എഞ്ചിനീയർ | 1230100160 /27/04/2023 |
| 2022-23 | ഓഡിറ്റ് അന്വേഷണക്കുറിപ്പ് 36/23 | 2500 | മൃദു. ടി. ആർ. അസിസ്റ്റന്റ് എഞ്ചിനീയർ | 123010203/ 04/05/2023 |
| 2022-23 | ഓഡിറ്റ് എൻക്വയറി 17.1 (1)/23 | 5000 | ഷമീന. സി അസിസ്റ്റന്റ് എഞ്ചിനീയർ | 1230102130 / 10/11/2023 |
| 2022-23 | ഓഡിറ്റ് എൻക്വയറി 36/23 | 6640 | ഷമീന. സി അസിസ്റ്റന്റ് എഞ്ചിനീയർ | 1230102131 / 13/11/2023 |
| 2022-23 | ഓഡിറ്റ് എൻക്വയറി 34/23 | 3660 | ഷമീന. സി അസിസ്റ്റന്റ് എഞ്ചിനീയർ | 1230102132 / 13/11/2023 |
| 2022-23 | ഓഡിറ്റ് എൻക്വയറി 39/23 | 5850 | ഗിരീഷ് കുമാർ. എ.ബി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1230102134/13-11-2023 |

| | ആകെ | 35204 | | |
|---|---|---|---|---|

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ സ്ഥിതി വിവരം |
|---|---|---|---|---|
| 1998-99 | 2(18) | 2006-07 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. (വനിതാ തൊഴിൽ പരിശീലന കേന്ദ്രം) | നിയമസഭാ സമിതി പരിഗണിച്ച് വരുന്നു. |
| 2012-13 | | 2013-14 | (കുടിവെള്ള പദ്ധതികൾ) | നിയമസഭാ സമിതി പരിഗണിച്ച് വരുന്നു. |
| 2014-15 | 2(2) | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2(1) | 2016-17 | | നിയമസഭാ സമിതിയുടെ |

| | | | | |
|---|---|---|---|---|
| | | | | പരിഗണനയിൽ |
| 2020-21 | 1-12 | 2021-22 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 353577054 |
| ഓഡിറ്റ് വർഷത്തെ വരവ് | 216632122 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 197808521 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8009 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **2482868** |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8009 | 1) ഷമീന, അസിസ്റ്റന്റ് എഞ്ചിനീയർ @ Rs 4004.50<br>2) ഷറീൻ ബീഗം, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ @ Rs 4004.50 |
| ആകെ | | 8036 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | **2482868** | ശ്രീ.ഷാജി മോൻ കെ പി, സെക്രട്ടറി |
| ആകെ | **2482868** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷമീന, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | ചേർക്കുത്ത് (ഹൗസ്) ചെറുകര (പി.ഒ) പെരിന്തൽമണ്ണ-679340 Shameenacherkuth@Gmail.Com Phone-9947246623 |
| ശ്രീമതി. ഷറീൻ ബീഗം, അസിസ്റ്റന്റ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | ജാലകം വലമ്പൂർ (പി.ഒ) |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | എഞ്ചിനീയർ, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | പൂപ്പലം-679325 മലപ്പുറം Shareenbeegum@Gmail.Com Phone-9744510109 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(1)/ 16-05-2023 | 03 |
| 1998-99(വരവ്) | നം.എൽഎഫ് എം 16/1164/09 തി. 10-X-10 | 04 |
| 1998-99 (ചെലവ്) | നം.കെ.എസ്.എ.എം.പി.എം.11/1555/2018(2)/ 16-05-2023 | 04 |
| 1999-2000 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(3)/ 16-05-2023 | 14 |
| 2000-01 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(4)/ 16-05-2023 | 05 |
| 2001-02 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(5)/ 16-05-2023 | 05 |
| 2002-03 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(6)/ 16-05-2023 | 08 |
| 2003-04 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(7)/ 16-05-2023 | 09 |
| 2004-05 | നം.കെ.എസ്.എ.എം.പി.എം.11/1555/2018(8)/ 16-05-2023 | 10 |
| 2005-06 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(1)/ 25-04-2023 | 08 |

| | | |
|---|---|---|
| 2006-07 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(2)/ 25-04-2023 | 03 |
| 2008-09 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(3)/ 25-04-2023 | 03 |
| 2009-10 | നം.കെ.എസ്.എ.എം.പി.എം.11/1390/2019(4)/ 25-04-2023 | 04 |
| 2012-13 | നം.കെ.എസ്.എ.എം.പി.എം.11/790/2022/ 25-04-2023 | 05 |
| 2013-14,2014-15 | നം.കെ എസ് എ എം പി എം 11/199/2022 /25-04-2023 | 03 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.11/790/2022(2)/ 15-06-2023 | 06 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.11/790/2022(3)/ 15-06-2023 | 06 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.11/790/2022(4)/ 15-06-2023 | 15 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.11/790/2022(5)/ 08-06-2023 | 21 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.11/1238/2021/ 27-01-2022 | 11 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.11/2179/2021/ 01-09-2022 | 26 |
| 2021-22 | നം.കെ.എസ്.എ.എം.പി.എം.11/1010/2023 /06-06-2023 | 08 |
| 2022-23 | നം.കെ.എസ്.എ.എം.പി.എം.11/2517/23 Dt. 15-03-24 | 17 |

**ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 27-05-2024 and submitted on 16-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vettathur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vettathur Grama Panchayat as on 31-03-2024

Date: 05/10/2024 Deputy Director

Kerala State Audit Department

# Audit Report appended to the Audit Certificate of Vettathur Grama Panchayat for the Year 2023-2024.

## 1.Major Observations

NIL

## 2.Other Observations

1.Notes on accounts(Rule62(2)(e)), Ratios(Rule62(2)(f)) and comparative amounts of previous years asper the Kerala Panchayath Raj(Accounts)Rules,2011 were not included in Annual Financial Statement submitted.
2.Asset Register is not updated.
3. Calculation related information of Fixed Asset depreciation such as rate of depreciation, book value of asset, life time of asset etc. not produced for verification[Rule 58 -ÂÂÂ□ÂÂÂ□ 4 (g),Kerala Panchayath Raj(Accounts)Rules,2011.].
4.Total Cash flow amount (60627829/-) and Difference between opening balance and closing balance of cash flow statement(18823601/-) are not equal.
5.Excess of income over expenditure asper B-1 Schedule(24781596/-) and closing balance asper Trial balance (Head code310900101) are not equal.
6.Audit Recovery Register is not updated.
7.Contractor's Retention Depposit amount differs in Deposit Register and Annual Financial Statement.
8.Actual expenditure of plan fund in Project164/24,EveningO.P-PHC differs in Sulekha expenditure statement.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്